**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - ആലത്തൂർ നിയോജക മണ്ഡലം - 77 അംഗൻവാടികളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനായി 24,26,000/- രൂപ അനുവദിച്ച് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 5331/2017/ധന    തിരുവനന്തപുരം, തീയതി : 04.07.2017

---

പരാമർശം : 1. 27.05.2004 ലെ സ.ഉ.(അ) നം. 247/2004/ധന. ഉത്തരവ്

2. ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ. ബഹു.ധനകാര്യ മന്ത്രിക്ക് 21.06.2017 ന് നൽകിയ കത്ത്.

**ഉത്തരവ്**

ആലത്തൂർ നിയോജകമണ്ഡലത്തിലെ 77 അംഗൻവാടികളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനായി 2017-18 ലെ എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും 24,26,000/- രൂപ (ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തി ആറായിരം രൂപ) വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ. പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ 77 അംഗൻവാടികളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനായി 2017-18 ലെ ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ നിന്നും 24,26,000/- രൂപ (ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തി ആറായിരം രൂപ) വിനിയോഗിക്കുവാൻ സൂചന (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്.ഉഷ**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

ശ്രീ.കെ..ഡി.പ്രസേനൻ എം.എൽ.എ, കിഴക്കുംപുറം, കാട്ടുശ്ശേരി.പി.ഒ., ആലത്തൂർ

ജില്ലാ കളക്ടർ, പാലക്കാട്

ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്

നോഡൽ ഓഫീസർ www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം ,

**സെക്ഷൻ ഓഫീസർ**